File No.LSGD-DC1/190/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങളും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.762/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/04/2020

---

പരാമർശം:- 1 11/04/2020 തിയതിയിലെ സ.ഉ. (കൈ) നം.62/2020/തസ്വഭവ

ഉത്തരവ്

കേരളത്തിലെ നഗരസഭകളിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങളും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനും താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. നഗരസഭകളുടെ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സേവനമനുഷ്ഠിച്ചു വരുന്ന എല്ലാ സൂപ്പർവൈസറി ഓഫീസർമാരും നിർബന്ധമായും ഓഫീസിൽ ഹാജരായി എല്ലാ ദിവസവും ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്. പ്രസ്തുത ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമെങ്കിൽ താമസ സ്ഥലത്തു നിന്നും ഓഫീസിൽ എത്തിച്ചേരുന്നതിന് വാഹനസൗകര്യം അനുവദിക്കേണ്ടതും ആവശ്യമുള്ള പക്ഷം താമസ സൗകര്യം നഗരസഭ സെക്രട്ടറിമാർ ഏർപ്പാടാക്കേണ്ടതുമാണ്.

2. നഗരസഭയിൽ ശുചീകരണ തൊഴിലാളികളുടെ അപര്യാപ്തതയുണ്ടെങ്കിൽ കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ താൽക്കാലികമായി തൊഴിലാളികളെ നിയമിക്കാവുന്നതാണ്. ഇപ്രകാരം തൊഴാലാളികളെ നിയമിക്കുമ്പോൾ കുടുംബശ്രീ മുഖാന്തിരം തൊഴിലാളികളെ നിയമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ശുചീകരണ തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നഗരസഭ സെക്രട്ടറി നൽകേണ്ടതും ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖാന്തിരം യാത്രാപാസ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം അടിയന്തരമായി പുനരാരംഭിക്കേണ്ടതും പ്രവർത്തനങ്ങൾക്കായി ആവശ്യമെങ്കിൽ വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്. യാത്രാപാസ് അനുവദിക്കുന്നതിനായി നഗരസഭ സെക്രട്ടറിമാർ ബന്ധപ്പെട്ട ജില്ലാ കളക്ടറുമാർ മുഖാന്തിരം

Scanned by CamScanner

നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. ശുചീകരണ പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നുണ്ടെന്നും എല്ലാ വാഹനങ്ങളും പ്രവർത്തനസജ്ജമാണെന്നും സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്. കോവിഡ് വ്യാപനത്തിനു മുൻപ് അറ്റകുറ്റപ്പണികൾക്കായി വർക്ക് ഷോപ്പിൽ നൽകിയിട്ടുള്ള വാഹനങ്ങൾ എത്രയും വേഗം അറ്റകുറ്റ പണികൾ പൂർത്തിയാക്കി ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്. ഈ ആവശ്യത്തിനു വേണ്ടി വർക്ക്ഷോപ്പുകൾ തുറന്ന് വാഹനം അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ക്രമീകരണം ജില്ലാ കളക്ടർമാർ ഏർപ്പാടാക്കേണ്ടതാണ്.

5. സോപ്പ്, ഗ്ലൗസ്, ഗംബൂട്ട്, മാസ്ക്, മഴക്കോട്ട്, ബ്രഷ് കട്ടർ, ബ്ലീച്ചിംഗ് പൗഡർ, ലോഷൻ എന്നിവയുടെ സ്റ്റോക്ക് പരിശോധിക്കേണ്ടതും ആവശ്യമുണ്ടെങ്കിൽ അടിയന്തര ആവശ്യത്തിനായി കോവിഡ് 19 പശ്ചാത്തലത്തിൽ നഗരസഭകൾ 25,000/- രൂപ കോർപ്പറേഷനുകൾ 50,000/- രൂപയിൽ അധികരിക്കാത്ത മേൽസാധനങ്ങൾ ക്വട്ടേഷൻ /ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങുന്നതിന് പ്രത്യേക അനുവാദം നൽകുന്നു.

6. നഗരസഭയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട പി എച്ച് സി, സി എച്ച് സി മുതലായ സ്ഥാപനങ്ങൾക്ക് മരുന്നിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ആയത് ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങിനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും മരുന്ന് ലഭ്യതക്കുറവ് നേരിടുന്നുണ്ടെങ്കിൽ 25,000/- രൂപയിൽ അധികരിക്കാത്ത മരുന്നുകൾ ക്വട്ടേഷൻ/ ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങുന്നതിന് പ്രത്യേക അനുവാദം നൽകുന്നു.

7. ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാഹനങ്ങൾ നഗരസഭയിൽ ലഭ്യമല്ലെങ്കിൽ മാലിന്യ നിർമാർജ്ജനത്തിനായി വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

8. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നഗരസഭയിലെ എല്ലാ ജീവനക്കാരും മാസ്ക് ധരിക്കേണ്ടതും സാമൂഹ്യ അകലം പാലിക്കേണ്ടതും ഹാൻഡ് വാഷ് ലിക്വിഡ്, സാനിട്ടൈസർ എന്നിവയുടെ ലഭ്യത നഗരസഭയിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

9. മേൽ ആവശ്യങ്ങൾക്കു വേണ്ടി നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. നഗരസഭയുടെ തനത് ഫണ്ട് അപര്യാപ്തമാണെങ്കിൽ വാർഷിക പദ്ധതി വിഹിതം ഈ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്. കൂടാതെ അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതി തൊഴിലാളികളുടെ സേവനം ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ്

10. നഗരസഭയിലെ പ്രോജക്ട്, എസ്റ്റിമേറ്റ്, ടെണ്ടർ/ക്വട്ടേഷൻ എന്നിവയുടെ അംഗീകാരത്തിനായി കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നഗരസഭ കൗൺസിൽ/സ്റ്റാൻഡിംഗ് കമ്മറ്റി

Scanned by CamScanner

യോഗങ്ങൾ ചേരുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. 2019-2020 വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുജനാരോഗ്യ-മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ വകയിരുത്തിയിട്ടുള്ളതും ഇനിയും പൂർത്തീകരിക്കാത്തതുമായ എല്ലാ പദ്ധതികളും മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

12. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജലസംഭരണികൾ, കിണറുകൾ, ജലസ്രോതസ്സുകൾ മുതലായവ അടിയന്തരമായി ശുചീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള ഇത്തരം പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതാണ്.

13. അടിയന്തര പ്രാധാന്യമുള്ള റോഡുകൾ, കൾവർട്ടുകൾ, ഓടകൾ മുതലായവയുടെ അറ്റകുറ്റപണിയും നിർമ്മാണ പ്രവർത്തനങ്ങളും 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത നഗരസഭകൾ ജില്ലാ കളക്ടറുടെ അനുമതിയോടെ ഇപ്രകാരം പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

14. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി മാർക്കറ്റുകൾ, അടഞ്ഞുകിടക്കുന്ന പൊതുസ്ഥാപനങ്ങൾ , പൊതുസ്ഥലങ്ങൾ , ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്സ്റ്റാന്റുകൾ, പൊതു ശൗചാലയങ്ങൾ , റെയിൽവേ സ്റ്റേഷൻ പരിസരങ്ങൾ മുതലായവ സർക്കാർ നിശ്ചയിക്കുന്ന ഒരു ദിവസമോ മറ്റേതെങ്കിലും ദിവസമോ യുദ്ധകാലാടിസ്ഥാനത്തിൽ കോവിഡ്-19 പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ശുചീകരിക്കേണ്ടതുമാണ്.

15. താല്പര്യമുള്ള അതിഥി തൊഴിലാളികളെയും പ്രാദേശിക തൊഴിലാളികളെയും ഉൾപ്പെടുത്തി മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പൊതു ഓടകൾ, കിണറുകൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ ശുചീകരിക്കുന്നതിന് കോവിഡ്-19 പശ്ചാത്തലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശ സ്വയം ഭരണ വകുപ്പ്
2. നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

Scanned by CamScanner

File No.LSGD-DC1/190/2020-LSGD

3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് , തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
6. എല്ലാ കോർപറേഷൻ മേയർമാർക്കും , സെക്രട്ടറിമാർക്കും
7. എല്ലാ നഗരസഭാ ചെയർ പേഴ്സൺ , സെക്രട്ടറി മാർക്കും
8. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ കെ എം
10. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner